# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 നവംബർ 18

# വാർത്താക്കുറിപ്പ്

**അവാർഡുകൾ വിതരണം ചെയ്തു**

കഴിഞ്ഞ മൂന്ന് വർഷത്തെ മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീം അവാർഡുകൾ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് വിതരണം ചയ്തു.
മണർകാട്, സെൻ്റ് മേരീസ് കോളജിനാണ് 2020-2021 വർഷത്തെ മോസസ് ട്രോഫി. കോളജ് പ്രാൻസിപ്പൽ ഡോ. പുന്നൻ കുര്യൻ മികച്ച എൻ എസ്. എസ് സൗഹൃദ പ്രിൻസിപ്പലിനും മഞ്ജുഷ സി ജി മികച്ച പ്രോഗ്രാം ഓഫീസർക്കുമുള്ള അവാർഡ്കൾ നേടി.
കോട്ടയം സി എം.എസ് കോളജിനാണ് 2019- 2020 വർഷത്തെ മോസസ് അവാർഡ്. മികച്ച എൻ എസ്. എസ് സൗഹൃദ പ്രിൻസിപ്പലിനുള്ള ബഹുമതി കോളജിലെ ഡോ. റോയ് സാം ഡാനിയലിനും പ്രോഗ്രാം ഓഫിസറിനുള്ള ബഹുമതി അശോക് അലക്സ് ലൂക്കും നേടി.

2018-19 വർഷത്തെ മോസസ് ട്രോഫി തേവര എൻ.എച്ച് കോളജും മികച്ച എൻ എസ്.എസ് ഫ്രണ്ട്ലി പ്രിൻസിപ്പൽ, മികച്ച പ്രോഗ്രാം ഓഫിസർ എന്നിവർക്കുള്ള അവാർഡുകൾ യഥാക്രമം റവ. ഡോ. പ്രശാന്ത് പാലയ്ക്കാപ്പള്ളി ഡോ. രമ്യാ രാമചന്ദ്രൻ എന്നിവരും കരസമാക്കി.
പ്രോഗ്രാം ഓഫീസർമാർ, വോളൻ്റിയർമാർ എന്നിവർക്കുള്ള മെറിറ്റ് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി റ്റി അരവിന്ദകുമാർ, പ്രൊഫ. പി.റ്റി. ബാബുരാജ്, എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. രേഖാ രാജ് തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/1343/2021)

## പി.ജി - ബിഎഡ് പ്രവേശനം - സപ്ലിമെൻ്ററി അലോട്ട്മെൻ്റ്

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആൻ്റ് സയൻസ് കോളജുകളിലെ ബിരുദാനന്തര - ബിരുദ പ്രവേശനത്തിനും ട്രെയിനിംഗ് കോളജുകളിലെ ബി.എഡ് പ്രവേശനത്തിനുമുള്ള സപ്ലിമെൻ്ററി അലോട്ട്മെൻ്റിനുള്ള രജിസ്ട്രേഷന് നവമ്പർ 22 ന് വൈകിട്ട് നാലു മണി വരെ അവസരം.

ഇതു വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവർക്കും പ്രവേശനം ലഭിച്ചതിനു ശേഷം വിവിധ കാരണങ്ങളാൽ പ്രവേശനം റദ്ദായി പോയവർക്കും അലോട്ട്മെൻ്റ് ലഭിച്ച് നിശ്ചിത സമയത്തിനകം ഫീസടച്ച് പ്രവേശനം എടുക്കാൻ കഴിയാഞ്ഞവർക്കും ഇപ്രകാരം സപ്ലിമെൻ്ററി രജിസ്ട്രേഷന് പുതിയ അപേക്ഷ നൽകാം.

ഒൺലൈനായി നൽകിയ അപേക്ഷയിലെ പിശക് മൂലം അലോട്ട്മെൻ്റ് ലഭിക്കാത്തവർക്കും വിവിധ കാരണങ്ങളാൽ ലഭിച്ച അലോട്ട്മെൻ്റ് റദ്ദായി പോയവർക്കും പുതുതായി ഫീസ് ഒടുക്കാതെ തന്നെ പഴയ അപേക്ഷാ നമ്പറും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലോഗ് - ഇൻ ചെയ്ത് സപ്ലിമെൻററി അലോട്ട്മെൻ്റിനായി പുതിയ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. സപ്ലിമെൻ്ററി അലോട്ട്മെൻ്റിൽ പങ്കെടുക്കുന്ന എല്ലാവരും പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യണം. മാനേജ്മെൻറ്, കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകൾക്കായി ഇതിനകം അപേക്ഷിച്ചിട്ടുള്ളവർക്ക് www.cap.mgu.in എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് അവർക്കായുള്ള പ്രത്യേക ലിങ്ക് മുഖേന അപേക്ഷകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്താനും പുതിയ ഓപ്ഷനുകൾ നൽകുന്നതിനും സാധിക്കും. പി.ജി , ബി.എഡ് പ്രോഗ്രാമുകളിൽ വിവിധ കോളജുകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

ഇതിനകം പ്രവേശനം കരസ്ഥമാക്കിയവർ സപ്ലിമെൻ്ററി അലോട്ട്മെൻറിന് രജിസ്റ്റർ ചെയ്ത് അലോട്ട്മെൻ്റ് ലഭിച്ചാൽ അവരുടെ ആദ്യ പ്രവേശനം റദ്ദാകുമെന്നതിനാൽ അവർ സപ്ലിമെൻററി അലോട്ട്മെൻ്റ് പ്രകാരം പുതുതായി പ്രവേശനം ഉറപ്പാക്കണം. ഭിന്നശേഷിക്കാർക്കായുള്ള സംവരണ സീറ്റുകളിലേക്കുള്ള അപേക്ഷകളും നവമ്പർ 22, വൈകിട്ട് നാലു മണി വരെ സ്വീകരിക്കും.

(പി.ആർ.ഒ/39/1344/2021)

## പരീക്ഷാഫലം

2021 ജനുവരിയിൽ നടത്തിയ എം.എ. തമിഴ് - സി.എസ്.എസ് മൂന്നാം സെമസ്റ്റർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ ഡിസംബർ രണ്ട് വരെ സ്വീകരിക്കും. പുനർ മൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപാ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപാ നിരക്കിലും ഫീസടയ്ക്കണം.

(പി.ആർ.ഒ/39/1345/2021)

2021 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെൻ്റ് (2019 അഡ്മിഷൻ - റഗുലർ/ 2018 അഡ്മിഷൻ - മെൻ്റിമെൻററി, ഇംപ്രൂവ്മെൻ്റ് ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ ഡിസംബർ മൂന്ന് വരെ ഓൺലൈനായി സ്വീകരിക്കും. പുനർ മൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപാ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപാ നിരക്കിലും ഫീസടയ്ക്കണം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ

(പി.ആർ.ഒ/39/1346/2021)

2021 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (2019 അഡ്മിഷൻ - റഗുലർ/ 2015, 2016, 2017, 2018 അഡ്മിഷൻ - സപ്ലിമെൻ്റിമെൻററി, 2012, 2013, 2014 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ ഡിസംബർ രണ്ട് വരെ ഓൺലൈനായി സ്വീകരിക്കും. പുനർ മൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപാ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപാ നിരക്കിലും ഫീസടയ്ക്കണം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിലെ സ്റ്റുഡൻ്റ് പോർട്ടലിൽ.

(പി.ആർ.ഒ/39/1347/2021)

## സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽ സ് നടത്തുന്ന എം.ടെക് - എനർജി സയൻസ് പുതിയ ബാച്ചിൽ ഈഴവ, ധീവര, എൽ.സി, ഇ.ഡബ്ല്യു. എസ് വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിൽ ഏതാനം ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ മതിയായ യോഗ്യതാ രേഖകളുമായി നവമ്പർ 29നകം സർവ്വകലാശാലാ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന ന്യൂ സ്കൂൾസ് - 1 ( റൂം - 21 ) വിഭാഗത്തിൽ നേരിട്ട് ഹാജരാകണം. സംവരണ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അഭാവത്തിൽ ബാക്കി വരുന്ന ഒഴിവുകളിലേക്ക് ജനറൽ വിഭാഗം വിദ്യാർത്ഥികളെ നവമ്പർ 30 ന് പരിഗണിക്കും. യോഗ്യത സംബന്ധിച്ച വിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 9400630354.

(പി.ആർ.ഒ/39/1348/2021

ബോധവത്ക്കരണ ക്ലാസ്സ് ഇന്ന് ( നവമ്പർ 19 )

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൻ്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള ലോക ദിനാചരണത്തിൻ്റെ ഭാഗമായി ബോധവത്ക്കര രണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നത് സംബന്ധിച്ചുള്ള ബോധവത്ക്കരണ പരിപാടി പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സെമിനാർ ഹാളിൽ വകുപ്പ് മേധാവി ഡോ. പി.റ്റി ബാബുരാജിൻ്റെ അധ്യക്ഷതയിൽ നടക്കുന്ന പരിപാടിയിൽ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പങ്കെടുക്കാം. ചൈൽഡ് ലൈൻ ജില്ലാ കോ-ഓർഡിനേറ്റർ ജസ്റ്റിൻ, ഡോ. ജാസ്മിൻ അലക്സ് എന്നിവരും പങ്കെടുക്കും. കുട്ടികളുടെ കലാപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. പരിപാടിയിൽ പങ്കെടുക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റും വിതരണം ചെയ്യും.

(പി.ആർ.ഒ/39/1349/2021

പി എച്ച്.ഡി - അപേക്ഷ ഇന്ന് ( നവമ്പർ 19) കൂടി

മഹാത്മാഗാന്ധി സർവ്വകലാശാല 2021 ലെ പി എച്ച്.ഡി പ്രവേശന പരീക്ഷക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്ന സമയം ഇന്ന് ( നവമ്പർ - 19) വൈകിട്ട് അഞ്ച് മണി വരെ നീട്ടി. കൂടുതൽ വിവരങ്ങൾ phd.mgu.ac.in എന്ന പോർട്ടലിൽ.

(പി.ആർ.ഒ/39/1350/2021

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ